# സദാ ഉത്സാഹത്തിലിരുന്ന് ഉത്സവം ആഘോഷിക്കൂ

ഇന്ന് വിശ്വേശ്വരനായ ബാബ തന്റെ വിശ്വത്തിലെ ശ്രേഷ്ഠ രചന അഥവാ ശ്രേഷ്ഠ ആദി രത്നങ്ങളുമായി, അതി സ്നേഹി, സമീപത്തുള്ള കുട്ടികളുമായി മിലനം ചെയ്യാൻ വന്നിരിക്കുന്നു. വിശ്വത്തിലെ സർവ്വാത്മാക്കളും വിശ്വേശരനായ ബാബയുടെ കുട്ടികളാണ്. എന്നാൽ ബ്രാഹ്മണ ആത്മാക്കൾ അതി സ്നേഹി, സമീപത്തുള്ള ആത്മാക്കളാണ് കാരണം ബ്രാഹ്മണ ആത്മാക്കൾ ആദി രചനയാണ്. ബാബയോടൊപ്പം ബ്രാഹ്മണ ആത്മാക്കളും ബ്രാഹ്മണ ജീവിതത്തിൽ അവതരിച്ച് ബാബയുടെ കാര്യത്തിൽ സഹയോഗി ആത്മാക്കളായി മാറുന്നു അതിനാൽ ബാപ്ദാദ ഇന്നത്തെ ദിനം കുട്ടികളുടെ ബ്രാഹ്മണ ജീവിതത്തിന്റെ അവതരണത്തിന്റെ ജന്മദിനം ആഘോഷിക്കാൻ വേണ്ടി വന്നിരിക്കുന്നു. കുട്ടികൾ അച്ഛന്റെ ജന്മദിനം ആഘോഷിക്കാൻ വേണ്ടി ഉണർവ്വും ഉത്സാഹത്തോടെ സന്തോഷത്തിൽ നൃത്തം ചെയ്തു കൊണ്ടിരിക്കുന്നു. എന്നാൽ ബാപ്ദാദ കുട്ടികളുടെ ഈ ബ്രാഹ്മണ ജീവിതത്തെ കണ്ട് സ്നേഹവും സഹയോഗവും കണ്ട്, ബാബയോടൊപ്പം ഓരോ കാര്യത്തിലും ധൈര്യത്തോടെ മുന്നോട്ടുയരുന്നത് കണ്ട് ഹർഷിതമായി കൊണ്ടിരിക്കുന്നു. അതിനാൽ നിങ്ങൾ ബാപ്ദാദയുടെ ജന്മദിനം ആഘോഷിക്കുന്നു, ബാബ കുട്ടികളുടെയും ജന്മദിനം ആഘോഷിക്കുന്നു. നിങ്ങൾ ബ്രാഹ്മണരുടെയും ജന്മദിനമല്ലേ. അതിനാൽ സർവ്വർക്കും ബാപ്ദാദ, ജഗദംബ, നിങ്ങളുടെ സർവ്വ സാഥി അഡ്വാൻസ് പാർട്ടിയുടെ വിശേഷ ശ്രേഷ്ഠ ആത്മാക്കൾ സഹിതം നിങ്ങളുടെ അലൗകീക ബ്രാഹ്മണ ജന്മത്തിന്റെ സ്നേഹത്താൽ സ്വർണ്ണിമ പുഷ്പവൃഷ്ടി സഹിതം ആശംസകൾ, ആശംസകൾ. ഇത് ഹൃദയത്തിന്റെ ആശംസകളാണ്, കേവലം വായിലൂടെയുള്ള ആശംസകൾ മാത്രമല്ല. എന്നാൽ ഹൃദയേശ്വരനായ ബാബയുടെ ഹൃദയത്തിന്റെ ആശംസകൾ സർവ്വ ശ്രേഷ്ഠ ആത്മാക്കൾക്ക്, സന്മുഖത്തിരിക്കുന്നവരാകട്ടെ, മനസ്സ് കൊണ്ട് ബാബയുടെ സന്മുഖത്തിരിക്കുന്നവരാകട്ടെ, നാല് ഭാഗത്തുമുള്ള കുട്ടികൾക്ക് ആശംസകൾ ആശംസകൾ..

ഇന്നത്തെ ദിനം ഭക്താത്മാക്കളുടെയടുത്ത് ബാബയുടെ ബിന്ദു രൂപത്തിന്റെ വിശേഷ സ്മൃതിയുണ്ട്. ശിവ ജയന്തി അഥവാ ശിവരാത്രി സാകാര രൂപത്തിന്റെ സ്മരണയല്ല. എന്നാൽ നിരാകാരനായ ബാബ ജ്യോതി ബിന്ദു ശിവലിംഗ രൂപത്തിൽ പൂജിക്കുന്ന ആ ബിന്ദുവിന്റെ മഹത്വമാണ്. നിങ്ങൾ സർവ്വരുടെയും ഹൃദയത്തിലും ബാബയുടെ ബിന്ദു രൂപത്തിന്റെ സ്മൃതി സദാ ഉണ്ടാകുന്നു. നിങ്ങളും ബിന്ദു, ബാബയും ബിന്ദു, അതിനാൽ ഇന്നത്തെ ദിനത്തിൽ ഭാരതത്തിലെ ഓരോ ഭക്താത്മാവിന്റെയുമുള്ളിൽ വിശേഷിച്ചും ബിന്ദു രൂപത്തിന്റെ മഹത്വം നില നിൽക്കുന്നു. ബിന്ദു എത്രത്തോളം സൂക്ഷ്മമാണൊ അത്രയും ശക്തിശാലിയുമാണ് അതിനാൽ ബിന്ദുവായ ബാബയെ തന്നെയാണ് ശക്തികളുടെ, ഗുണങ്ങളുടെ, ജ്ഞാനത്തിന്റെ സിന്ധുവെന്ന് പറയുന്നത്. അപ്പോൾ ഇന്ന് സർവ്വ കുട്ടികളുടെയും ഹൃദയത്തിൽ ജന്മ ദിനത്തിന്റെ വിശേഷ ഉത്സാഹത്തിന്റെ അലകൾ ബാപ്ദാദയുടെയടുത്ത് അമൃതവേള മുതൽ എത്തി കൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികൾ വിശേഷ സേവനാർത്ഥം അഥവാ സ്നേഹ സ്വരൂപമായി ബാബയുടെ കൊടി ഉയർത്തി, ബാബ ഏതൊരു കൊടിയാണ് ഉയർത്തിയത്? നിങ്ങൾ സർവ്വരും ശിവബാബയുടെ കൊടി ഉയർത്തി, ബാബ ഈ കൊടി ഉയർത്തുമോ? ഈ സേവനത്തിന്റെ സാകാര രൂപത്തിന്റെ ഉത്തരവാദിത്വം കുട്ടികൾക്ക് നല്കിയിരിക്കുന്നു. ബാബയും കൊടി ഉയർത്തി എന്നാൽ ഏത്, എവിടെ ഉയർത്തി? ബാപ്ദാദ തന്റെ ഹൃദയത്തിൽ സർവ്വ കുട്ടികളുടെയും വിശേഷതകളുടെ സ്നേഹത്തിന്റെ കൊടിയാണ് ഉയർത്തിയത്. എത്ര കൊടി ഉയർത്തിയിട്ടുണ്ടാകും? ഈ ലോകത്തിൽ ഇത്രയും കൊടികൾ മറ്റാർക്കും ഉയർത്താൻ സാധിക്കില്ല. എത്ര സുന്ദരമായ ദൃശ്യമായിരിക്കും!!

ഓരോ കുട്ടിയുടെയും വിശേഷതയുടെ കൊടി ബാപ്ദാദായുടെ ഹൃദയത്തിൽ പറന്നു കൊണ്ടിരിക്കുന്നു. കേവലം നിങ്ങൾ മാത്രമല്ല കൊടി ഉയർത്തിയത് ബാപ്ദാദായും ഉയർത്തി. ഈ കൊടി ഉയർത്തുന്ന സമയത്ത് എന്ത് സംഭവിക്കുന്നു? പുഷ്പങ്ങൾ വർഷിക്കുന്നു. ബാപ്ദാദായും കുട്ടികളുടെ വിശേഷതയുടെ സ്നേഹത്തിന്റെ കൊടി ഉയർത്തുമ്പോൾ ഏന്താണ് വർഷിക്കുന്നത്? ഓരോ കുട്ടിയുടെയും മേൽ അവിനാശി ഭവ, അമർ ഭവ, അചഞ്ചലവും സുദൃഢവുമായി ഭവിക്കട്ടെ− ഈ വരദാനങ്ങളാണ് വർഷിക്കുന്നത്. ഈ വരദാനം തന്നെയാണ് ബാപ്ദാദായുടെ അവിനാശി അലൗകീക പുഷ്പം. ബാപ്ദാദായ്ക്ക് ഈ അവതരണ ദിവസത്തിന്റെ അർത്ഥം ശിവ ജയന്തി ദിനത്തിന്റെ സന്തോഷം കുട്ടികളേക്കാൾ കൂടുതൽ ഉണ്ട്, സന്തോഷത്തിൽ സന്തോഷമാണ്. കാരണം ഈ അവതരണ ദിനം ഓരോ വർഷവും സ്മരണയായി ആഘോഷിക്കുന്നു എന്നാൽ ബാബയുടെ അവതരണം സാകാര ബ്രഹ്മാവിന്റെ ശരീരത്തിൽ ഉണ്ടാകുമ്പോൾ ബാപ്ദാദയ്ക്ക് ഇതിലും വിശേഷിച്ച് ശിവബാബയ്ക്ക് ഈ വിശേഷ കാര്യത്തിന്റെ സന്തോഷമു

ണ്ട്- എത്ര സമയായി തന്റെ സ്നേഹി സമീപത്തുണ്ടായിരുന്ന കുട്ടികളുമായി വേർപിരിഞ്ഞ് പരംധാമത്തിലിരിക്കുന്നു, പരംധാമത്തിൽ മറ്റാത്മാക്കൾ ഉണ്ട് എന്നാൽ ആദ്യത്തെ രചനയിലെ ആത്മാക്കൾ, ബാബയ്ക്ക് സമാനമാകുന്ന സേവനത്തിലെ സാഥി ആത്മാക്കൾ, ഇവർ വളരെ സമയത്തിന് ശേഷം അവതരിച്ചപ്പോൾ വീണ്ടും വന്ന് മിലനം ചെയ്യുന്നു! വളരെക്കാലമായി പിരിഞ്ഞിരിക്കുന്ന ശ്രേഷ്ഠാത്മാക്കൾ വീണ്ടും വന്ന് മിലനം ചെയ്യുന്നു! അതി സ്നേഹിയായ വളരെക്കാലം പിരിഞ്ഞിരുന്നവരെ തിരിച്ച് കിട്ടുമ്പോൾ ആ സന്തോഷത്തിൽ വിശേഷ സന്തോഷമുണ്ടാകുന്നില്ലേ! അവതരണ ദിവസം അർത്ഥം തന്റെ ആദി രചനയുമായി വീണ്ടും മിലനം ചെയ്യുക. നിങ്ങൾ ചിന്തിക്കും- എനിക്ക് ബാബയെ ലഭിച്ചു, ബാബ പറയും- എനിക്ക് കുട്ടികളെ ലഭിച്ചു! അതിനാൽ ബാബയ്ക്ക് തന്റെ ആദി രചനയുടെ മേൽ അഭിമാനമുണ്ട്. നിങ്ങളെല്ലാവരും ആദി രചനകളല്ലേ! ക്ഷത്രിയരല്ലല്ലോ? സർവ്വരും സൂര്യവംശി ആദി രചനയാണ്. ബ്രാഹ്മണരിൽ നിന്നും ദേവതയാകുകയല്ലേ! അതിനാൽ ബ്രാഹ്മണാത്മാക്കൾ ആദി രചനയാണ്. സർവ്വരും അനാദി രചനകളാണ്, മുഴുവൻ വിശ്വത്തിലെ ആത്മാക്കളും രചനകളാണ്. എന്നാൽ നിങ്ങൾ അനാദി ആദി രചനകളാണ്. അതിനാൽ ഡബിൾ ലഹരിയില്ലേ!

ഇന്നത്തെ ദിനം ബാപ്ദാദ വിശേഷിച്ച് ഒരു സ്ലോഗൻ നല്കുന്നു. ഇന്നത്തെ ദിനത്തെ ഉത്സവത്തിന്റെ ദിനമെന്നും പറയുന്നു. ശിവരാത്രി അഥവാ ശിവ ജയന്തി ഉത്സവം ആഘോഷിക്കുന്നു. ഉത്സവത്തിന്റെ ദിനത്തിന്റെ ഈ സ്ലോഗൻ ഓർമ്മിക്കണം- ബ്രാഹ്മണ ജീവിതത്തിന്റെ ഓരോ നിമിഷവും ഉത്സവത്തിന്റെ നിമിഷമാണ്. ബ്രാഹ്മണ ജീവിതം അർത്ഥം സദാ ഉത്സവം ആഘോഷിക്കുക, സദാ ഉത്സാഹത്തിലിരിക്കുക, ഓരോ കർമ്മത്തിൽ ആത്മാവിന് ഉത്സാഹം നല്കുക. അതിനാൽ ഉത്സവം ആഘോഷിക്കണം, ഉത്സാഹത്തിലിരിക്കുക, ഉത്സാഹം നല്കുക. ഉത്സാഹമുള്ളയിടത്ത് ഒരിക്കലും ഒരു പ്രകാരത്തിലുമുള്ള വിഘ്നത്തിന് ഉത്സാഹമുള്ള ആത്മാവിനെ ഉത്സാഹത്തിൽ നിന്നും പിന്തിരിപ്പിക്കാനാകില്ല. അല്പക്കാലത്തെ ഉത്സാഹത്തിൽ സർവ്വ കാര്യങ്ങളും മറക്കാറില്ലേ. ഏതെങ്കിലും ഉത്സവം ആഘോഷിക്കുമ്പോൾ ആ സമയത്ത് സന്തോഷമല്ലാതെ മറ്റൊന്നും ഓർമ്മയുണ്ടായിരിക്കില്ല. ബ്രാഹ്മണ ജീവിതത്തിലെ ഓരോ നിമിഷവും ഉത്സവമാണ് അർത്ഥം ഓരോ നിമിഷവും ഉത്സാഹത്തിലാണ്. അപ്പോൾ മറ്റെന്തെങ്കിലും കാര്യം വരുമോ? പരിധിയുള്ള ഉത്സവത്തിൽ പോകുമ്പോൾ അവിടെ എന്താണ് നടക്കുന്നത്? നൃത്തം ചെയ്യുന്നു, പാട്ട് പാടുന്നു, കളി കളിക്കുന്നു കഴിക്കുന്നു- ഇത് തന്നെയല്ലേ നടക്കുന്നത്. അപ്പോൾ ബ്രാഹ്മണ ജീവിതത്തിന്റെ ഉത്സവത്തിൽ മുഴുവൻ ദിവസവും എന്താണ് ചെയ്യുന്നത്? സേവനം ചെയ്യുമ്പോഴും കളിയെന്ന് മനസിലാക്കിയല്ലേ ചെയ്യുന്നത് അതോ ഭാരമായി അനുഭവപ്പെടുന്നുണ്ടോ? ഇന്നത്തെ ലോകത്തിൽ അജ്ഞാനി ആത്മാക്കൾ ബുദ്ധി കൊണ്ട് എന്തെങ്കിലും കാര്യം ചെയ്യുമ്പോൾ പറയും- വളരെ ക്ഷീണിച്ചു, ജോലിയുടെ ഭാരം ബുദ്ധിയിലുണ്ട് എന്ന്. നിങ്ങൾ സേവനം ചെയ്ത് വരുമ്പോൾ എന്ത് പറയുന്നു? സേവനത്തിന്റെ ഫലം കഴിച്ച് വന്നിരിക്കുന്നു കാരണം എത്രത്തോളം വലുതിലും വലിയ സേവനത്തിന് നിമിത്തമാകുന്നുവൊ അത്രയും സേവനത്തിന്റെ പ്രത്യക്ഷഫലവും വളരെ ഉയർന്നത് ലഭിക്കുന്നു. അതിനാൽ പ്രത്യക്ഷഫലം കഴിക്കുന്നതിലൂടെ കൂടുതൽ ശക്തി ലഭിക്കുന്നു. സന്തോഷത്തിന്റെ ശക്തി വർദ്ധിക്കുന്നു, അതിനാൽ ശരീരത്തിലൂടെ എത്ര തന്നെ കഠിനമേറിയ കാര്യം ചെയ്താലും അഥവാ പ്ലാൻ ഉണ്ടാക്കുന്നതിന്റെ ബുദ്ധി കൊണ്ടുള്ള കാര്യമായിക്കോട്ടെ നിങ്ങൾക്ക് ക്ഷീണം അനുഭവപ്പെടുന്നില്ല. രാത്രിയാണൊ ദിനമാണൊ- ഇതറിയാനേ സാധിക്കുന്നില്ല. നിങ്ങളുടെയടുത്ത് ഘടികാരമില്ലെങ്കിൽ സമയമെത്രയായി എന്നറിയാൻ സാധിക്കുമോ? എന്തുകൊണ്ടെന്നാൽ ഉത്സവം ആഘോഷിച്ചു കൊണ്ടിരിക്കുന്നു, അതിനാൽ സേവനം ഉത്സാഹം നല്കുന്നു, ഉത്സാഹം അനുഭവം ചെയ്യിക്കുന്നു.

ബ്രാഹ്മണ ജീവിതത്തിൽ ഒന്നുണ്ട് സേവനം, രണ്ടാമത്തേത് എന്താണ്? മായ വരുന്നു. മായയുടെ കാര്യം കേൾക്കുമ്പോൾ ചിരിക്കുന്നു കാരണം മനസ്സിലാക്കുന്നു മായക്ക് നമ്മളോട് കൂടുതൽ സ്നേഹമുണ്ട് എന്ന്. നിങ്ങൾക്ക് മായയോട് സ്നേഹമില്ല, എന്നാൽ മായക്കുണ്ട്. ഉത്സവത്തിന് കളിയും കാണാറുണ്ട്. ഇന്നത്തെ കാലത്ത് ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന കളിയേതാണ്? മിക്കി മൗസിന്റെ കളി കളിക്കുന്നു. മിക്കി മൗസിന്റെ കളിയിൽ പരസ്യവും കാണിക്കുന്നുണ്ട്. കളി ഇഷ്ടപ്പെടുന്നവരുണ്ട്, മിക്കി മൗസിന്റെ കളി ഇഷ്ടപ്പെടുന്നവരുമുണ്ട്. ഇവിടെയും മായ വരുമ്പോൾ കളിക്കൂ, ലക്ഷ്യം വയ്ക്കൂ. കളിയിൽ എന്താണ് ചെയ്യുന്നത്? പന്ത് വരുന്നു, നിങ്ങൾ അത് മറു ഭാഗത്തേക്ക് എറിയുന്നു, അതിനെ പിടിക്കുന്നു, വിജയിയാകുന്നു. അതേപോലെ മായയുടെ പന്ത്- ഇടയ്ക്ക് കാമത്തിന്റെ രൂപത്തിൽ വരുന്നു, ഇടയ്ക്ക് ക്രോധത്തിന്റെ രൂപത്തിലും. ഇത് മായയുടെ കളിയാണെന്ന് മനസ്സിലാക്കൂ. മായയുടെ കളിയെ കളിയാണെന്ന് മനസ്സിലാക്കൂവെങ്കിൽ ഉത്സാഹം വർദ്ധിക്കും, മായയുടെ ഏതെങ്കിലും പരിതസ്ഥിതിയെ ശത്രുവാണെന്ന് മനസ്സിലാക്കി കാണുമ്പോൾ നിങ്ങൾ ഭയപ്പെടുന്നു. മിക്കിമൗസിന്റെ കളിയിൽ ഇടയ്ക്ക് കുരങ്ങൻ വരുന്നു, ഇട്ക്ക് പൂച്ച, ഇടയ്ക്ക് പട്ടി, ഇടയ്ക്ക എലി വരുന്നു എന്നാൽ നിങ്ങൾ ഭയപ്പെടാറുണ്ടോ? കാണുമ്പോൾ

രസം തോന്നുന്നില്ലേ. ഇതും ഉത്സവത്തിന്റെ രൂപത്തിൽ മായയുടെ വ്യത്യസ്ഥമായ പരിതസ്ഥിതിളുടെ കളിയെ കാണൂ. കളി കാണുമ്പോൾ ആരെങ്കിലും ഭയക്കുകയാണെങ്കിൽ എന്ത് പറയും? കളിക്കുമ്പോൾ ചിന്തിക്കുകയാണ്– പന്ത് എന്റെയടുത്ത് തന്നെ വന്നു കൊണ്ടിരിക്കുന്നു, എന്റെയടുത്ത് വരണ്ട, എങ്കിൽ കളിക്കുവാൻ സാധിക്കുമോ? സന്തോഷത്തോടെയും രസത്തോടെയും കളി കാണൂ, മായയോട് ഭയക്കരുത്. മനോരഞ്ജനത്തോടെ കാണൂ. സിംഹത്തിന്റെ രൂപത്തിൽ വന്നാലും ഭയക്കരുത്. ബ്രാഹ്മണ ജീവിതത്തിന്റെ ഓരോ നിമിഷവും ഉത്സവമാണ്, ഉത്സാഹമാണ് എന്ന സ്മൃതി വയ്ക്കൂ. അതിനിടയിൽ ഈ കളിയും കണ്ടു കൊണ്ടിരിക്കുന്നു, സന്തോഷത്തിൽ നൃത്തവും ചെയ്തു കൊണ്ടിരിക്കുന്നു, ബാബയുടെയും ബ്രാഹ്മണ പരിവാരത്തിന്റെയും വിശേഷതകളുടെ, ഗുണങ്ങളുടെ ഗീതവും പാടിക്കൊണ്ടിരിക്കുന്നു, ബ്രഹ്മാഭോജനവും ആനന്ദത്തോടെ കഴിച്ചു കൊണ്ടിരിക്കുന്നു.

നിങ്ങൾക്ക് ലഭിക്കുന്നത് പോലെ ശുദ്ധമായ ഭോജനം, ഓർമ്മയിലുണ്ടാക്കിയ ഭോജനം വിശ്വത്തിൽ മറ്റാർക്കും പ്രാപ്തമാകില്ല! ഈ ഭോജനത്തെയാണ് പറയുന്നത്– ദുഃഖത്തെയില്ലാതാക്കുന്ന ഭോജനം. ഓർമ്മയിലുണ്ടാക്കിയ ഭോജനം സർവ്വ ദുഃഖങ്ങളെയും അകറ്റുന്നു കാരണം ശുദ്ധമായ അന്നത്തിലൂടെ മനസ്സും ശരീരവും രണ്ടും ശുദ്ധമാകുന്നു. അശുദ്ധമായ ധനം ലഭിക്കുകയാണെങ്കിൽ അശുദ്ധമായ ധനം സന്തോഷത്തെ നഷ്ടപ്പെടുത്തുന്നു, ചിന്തയുണ്ടാകാൻ ആരംഭിക്കുന്നു. എത്രത്തോളം അശുദ്ധമായ ധനം വരുന്നുവൊ, ധനം വന്നു ഒരു ലക്ഷം എന്നാൽ കോടിമടങ്ങ് ചിന്തയുണ്ടാകുന്നു, ചിന്തയെ സദാ ചിത എന്നാണ് പറയുന്നത്. അതിനാൽ ചിതയിലിരിക്കുന്നവർക്ക് സന്തോഷം എങ്ങനെയുണ്ടായിരിക്കും! ശുദ്ധമായ അന്നം മനസ്സിനെ ശുദ്ധമാക്കുന്നു അതിനാൽ ധനവും ശുദ്ധമായി മാറുന്നു. ഓർമ്മയിലിരുന്ന് ഉണ്ടാക്കുന്ന അന്നത്തിന് മഹത്വമുണ്ട്, അതിനാൽ ബ്രഹ്മാഭോജനത്തിനും മഹത്വമുണ്ട്. ഓർമ്മയിൽ ഉണ്ടാക്കുന്നില്ല, കഴിക്കുന്നില്ലായെങ്കിൽ ഈ അന്നത്തിന് സ്ഥിതിയെ താഴേക്ക് കൊണ്ടു വരാൻ സാധിക്കും. ഓർമ്മയിൽ ഉണ്ടാക്കിയിട്ടുള്ള, ഓർമ്മയിൽ സ്വീകരിക്കുന്ന അന്നം മരുന്നായി പ്രവർത്തിക്കുന്നു, ആശീർവാദവുമായി പ്രവർത്തിക്കുന്നു. ഓർമ്മയുടെ അന്നം ഒരിക്കലും നഷ്ടം വരുത്തുന്നില്ല, അതിനാൽ ഓരോ നിമിഷവും ഉത്സവം ആഘോഷിക്കൂ. മായ ഏത് രൂപത്തിലും വന്നോട്ടെ! ശരി! മോഹത്തിന്റെ രൂപത്തിൽ വരുമ്പോൾ മനസ്സിലാക്കൂ ഉള്ളിൽ കുരങ്ങിന്റെ കളി കാണിക്കാനാണ് വന്നിരിക്കുന്നത്. കളിയെ സാക്ഷിയായി കാണൂ, സ്വയം മായയുടെ ചക്രത്തിൽ വരാതിരിക്കൂ. ചക്രത്തിൽ വരുമ്പോഴാണ് ഭയപ്പെടുന്നത്. ഇന്നത്തെ കാലത്ത് ചെറിയ ചെറിയ കുട്ടികളെ കൊണ്ട് അങ്ങനെയുള്ള കളി കളിപ്പിക്കുന്നു– ഉയരത്തിലേക്ക് കൊണ്ടു പോകും, താഴേക്ക് കൊണ്ടു വരുന്നു. ഇത് മനോരഞ്ജനമാണ്, കളിയാണ്. ഏത് രൂപത്തിൽ വന്നാലും, ഈ മിക്കി മൗസിന്റെ കളി കാണൂ. എന്ത് വരുന്നുവൊ അത്പോലെ പോകുന്നുമുണ്ട്. മായാ ഏത് രൂപത്തിൽ വന്നാലും ഇപ്പോളിപ്പോൾ വന്നു, ഇപ്പോളിപ്പോൾ പോയി. നിങ്ങൾ ശ്രേഷ്ഠ സ്ഥിതിയിൽ നിന്നും മായയോടൊപ്പം താഴേക്ക് പോകരുത്, മായ വന്നോട്ടെ. നിങ്ങൾ എന്തിന് മായയോടൊപ്പം പോകുന്നു? കളിയിൽ– കുറച്ച് വരും, കുറച്ച് പോകും, കുറച്ച് മാറും. ദൃശ്യം മാറുന്നില്ലായെങ്കിൽ കളി നന്നായിരിക്കില്ല. മായ മാറട്ടെ. ഏതൊരു കളിയിലും ആരെങ്കിലും പാർട്ട് അഭിനയിക്കുമ്പോൾ നിങ്ങളും അവരോടൊപ്പം പോകുകയോ ഓടുകയോ ചെയ്യുമോ? കാണുന്നവർ കേവലം കണ്ടു കൊണ്ടിരിക്കുകയല്ലേ ചെയ്യുന്നത്. അതിനാൽ മായ താഴേക്ക് വീഴ്ത്താൻ വന്നാലും അഥവാ ഏതൊരു സ്വരൂപത്തിൽ വന്നാലും നിങ്ങൾ മായയുടെ കളി കാണൂ. എങ്ങനെ വീഴ്ത്താൻ വന്നിരിക്കുന്നു, മായയുടെ രൂപത്തെ തിരിച്ചറിയൂ, കളിയാണെന്ന് മനസ്സിലാക്കി ആ ദൃശ്യത്തെ സാക്ഷിയായി കാണൂ. മുന്നോട്ടുള്ള സമയത്തിനായി സ്വ സ്ഥിതിയെ ശക്തിശാലിയാക്കുന്നതിനുള്ള ശിക്ഷണം എടുക്കൂ.

അതിനാൽ ശിവരാത്രിയുടെ ഉത്സവം അർത്ഥം ഉത്സാഹം നല്കുന്ന ഉത്സവം കേവലം ഇന്നത്തെ ദിനം മാത്രമല്ല സദാ നിങ്ങൾക്ക് ഉത്സവമാണ്, കൂടെ ഉത്സാഹവുമുണ്ട്. ഈ സ്ലോഗൻ സദാ ഓർമ്മിക്കണം, അനുഭവിക്കുകയും വേണം. അതിനുള്ള വിധി കേവലം രണ്ട് വാക്കുകളാണ്. സദാ സാക്ഷിയായി കാണണം, ബാബയുടെ സാഥിയായിരിക്കണം. (കൂട്ടുകെട്ട്) സദാ ബാബയുടെ സാഥിയായിരിക്കുകയാണെങ്കിൽ, സാക്ഷിയായി കാണുന്നതിലൂടെ സഹജമായി തന്നെ മായാജീത്തായി അനേക ജന്മങ്ങൾ ജഗത്ത്ജീത്താകാൻ സാധിക്കും. അപ്പോൾ മനസ്സിലായോ, എന്താണ് ചെയ്യേണ്ടതെന്ന്? സ്വയം ബാബ ഓരോ കുട്ടിക്കും കൂട്ട് നല്കുന്നതിന് സ്വർണ്ണിമ വാഗ്ദാനം നല്കി കൊണ്ടിരിക്കുന്നു, അതിനാൽ സദാ കൂടെയിരിക്കൂ. ഡബിൾ വിദേശികൾ ഒറ്റയ്ക്കിരിക്കാൻ ഇഷ്ടപ്പെടുന്നു. ബന്ധനത്തിൽ കുടുങ്ങാതെ സ്വതന്ത്ര്യരായിരിക്കാനാണ് ഒറ്റയ്ക്ക് ഇരിക്കാൻ അവർ ഇഷ്ടപ്പെടുന്നത്. എന്നാൽ ഈ കൂട്ട്കെട്ടിൽ കൂടെയിരുന്നിട്ടും സ്വതന്ത്ര്യരാണ്, ബന്ധനം അനുഭവപ്പെടുന്നില്ല. ശരി! അതിനാൽ ഇന്നത്തെ ദിനം ഡബിൾ ഉത്സവത്തിന്റേതാണ്. ജീവിതം തന്നെ ഒരു ഉത്സവമാണ്, സ്മരണയും ഉത്സവമാണ്. ബാപ്ദാദ സർവ്വ വിദേശി കുട്ടികളെ സദാ ഓർമ്മിക്കുന്നുമുണ്ട്, ഇന്നും വിശേഷ ദിനത്തിന്റെ ഓർമ്മ നല്കി കൊണ്ടിരിക്കുന്നു കാരണം ആര്

എവിടെ നിന്ന് വന്നാലും സർവ്വരുടെയും ഓർമ്മയുടെ പത്രം കൊണ്ടു വന്നിട്ടുണ്ടാകാം. കാർഡ്, കത്ത്, ടോളി കൊണ്ടു വന്നു. ഏത് കുട്ടികളാണൊ ഹൃദയത്തിന്റെ ഉത്സാഹത്തിന്റെ സ്മരണ അഥവാ ഏതെങ്കിലും രൂപത്തിലൂടെ തന്റെ സ്മരണകൾ അയച്ചിട്ടുള്ളത്, അങ്ങനെയുള്ള സർവ്വ കുട്ടികൾക്കും ബാപ്ദാദായും വിശേഷിച്ച് റിട്ടേണായി കോടിമടങ്ങ് സ്മരണകൾ നല്കി കൊണ്ടിരിക്കുന്നു. ബാപ്ദാദ കണ്ടു കൊണ്ടിരിക്കുന്നു- ഓരോ കുട്ടിയുടെയും ഉള്ളിൽ സേവനത്തിന്റെ, സദാ മായാജീത്താകുന്നതിന്റെ ഉണർവ്വും ഉത്സാഹവും വളരെയധികം ഉണ്ട്. ഓരോ കുട്ടി തന്റെ ശക്തിയേക്കാൾ കൂടുതൽ സേവനത്തിൽ മുന്നോട്ടുയർന്നു കൊണ്ടിരിക്കുന്നു, മുന്നോട്ടുയരുക തന്നെ ചെയ്യും. സത്യമായ ഹൃദയത്തോടെ ഹൃദയത്തിലെ കാര്യങ്ങൾ ബാബയുടെ മുന്നിൽ വയ്ക്കുന്നവർ, ആ സത്യമായ ഹൃദയമുള്ളവരിൽ ബാബ സദാ സന്തുഷ്ടനായിരിക്കും. അതിനാൽ ഹൃദയത്തിലെ കാര്യങ്ങളിൽ വരുന്ന ചെറിയ ചെറിയ കാര്യങ്ങൾ ബാബയുടെ വിശേഷ ഓർമ്മയുടെ വരദാനത്തിലൂടെ സമാപ്തമാകും. ബാബ സന്തുഷ്ടമാകുക അർത്ഥം സഹജമായി ബാബയുടെ സഹായത്തിലൂടെ മായാജീത്താകുക അതിനാൽ എന്താണൊ ബാബയ്ക്ക് നല്കിയത്, കാര്യങ്ങൾ പറയുന്ന രൂപത്തിൽ, കത്തിന്റെ രൂപത്തിൽ, ആത്മീയ സംഭാഷണത്തിന്റെ രൂപത്തിൽ ബാബയുടെ മുന്നിൽ വച്ചുവെങ്കിൽ, മറ്റുള്ളവർക്ക് കൊടുത്തത് ഒരിക്കലും പിന്നെ തന്റേതായിരിക്കില്ല, അത് അവരുടേതായിരിക്കും. കുറവുകളുടെ സങ്കല്പവും ബാബയുടെ മുന്നിൽ വച്ചുവെങ്കിൽ ആ കുറവ് പിന്നീട് നിങ്ങളുടേതായിരിക്കില്ല. നിങ്ങൾ നല്കി കഴിഞ്ഞു, അതിൽ നിന്നും മുക്തമായി അതിനാൽ ഇത് തന്നെ ഓർമ്മിക്കണം- ഞാൻ ബാബയുടെ മുന്നിൽ വച്ചു അർത്ഥം നല്കി കഴിഞ്ഞു. ബാക്കി വിദേശത്ത് ഉണർവ്വിന്റെയും ഉത്സാഹത്തിന്റയും അലകൾ നന്നായി ഉണ്ടാകുന്നു. ബാപ്ദാദ കുട്ടികളുടെ നിർവിഘ്നമാകുന്നതിന്റെ ഉണർവ്വും സേവനത്തിൽ ബാബയെ പ്രത്യക്ഷമാക്കുന്നതിന്റെ ഉത്സാഹവും കണ്ട് ഹർഷിതമാകുന്നു. ശരി.

സദാ അനാദി ആദി രചനയുടെ ആത്മീയ ലഹരിയിലിരിക്കുന്ന, സദാ ഓരോ നിമിഷത്തെയും ഉത്സവത്തിന് സമാനമായി ആഘോഷിക്കുന്ന, സദാ ഓർമ്മയുടെയും സേവനത്തിന്റെയും ഉത്സാഹത്തിലിരിക്കുന്ന, സദാ മായയുടെ ഓരോ പരിതസ്ഥിതിയെയും കളിയാണെന്ന് മനസ്സിലാക്കി സാക്ഷിയായി കാണുന്ന, സദാ ബാബയോടൊപ്പം ഓരോ ചുവടിലും സാഥിയായി മുന്നോട്ടു പോകുന്ന, അങ്ങനെയുള്ള സർവ്വ ശ്രേഷ്ഠമായ ബ്രാഹ്മണാത്മാക്കൾക്ക് അലൗകീക ജന്മത്തിന്റെ ആശംസകളോടൊപ്പം സ്നേഹ സ്മരണയും നമസ്തേ. സർവ്വ അതി സ്നേഹി, ഹൃദയ സിംഹാസനസ്ഥരായ കുട്ടികൾക്ക് പാവനമായ ശിവ ജയന്തിയുടെ കോടി മടങ്ങ് സ്നേഹ സ്മരണയും നമസ്തേ.

## വരദാനം- മറ്റുള്ളവരുടെ കുറവുകളെയും ബലഹീനതകളെയും കാണാതെ തന്റെ ഗുണം അഥവാ ശക്തികളുടെ സഹയോഗം നല്കുന്ന മാസ്റ്റർ ദാതാവായി ഭവിക്കട്ടെ.

സർവ്വ ആത്മാക്കളും എനിക്ക് സമാനം സമ്പത്തിന്റെ അധികാരിയാകണം എന്ന ആത്മീയ ഭാവനയിലിരിക്കുന്നവരാണ് മാസ്റ്റർ ദാതാവ്. മറ്റുള്ളവരുടെ കുറവുകളെയും ബലഹീനതകളെയും കാണാതെ, അവർ സ്വയം ധാരണ ചെയ്തിട്ടുള്ള ഗുണങ്ങളുടെ, ശക്തികളുടെ സഹയോഗം നല്കുന്നു. ഇവർ ഇങ്ങനെ തന്നെയാണ്- എന്ന ഭാവനയ്ക്ക് പകരം ഇവരെയും ബാബയ്ക്ക് സമാനമാക്കണം എന്ന ശുഭ ഭാവനയുണ്ടായിരിക്കണം. അതോടൊപ്പം ഈ സർവ്വ ആത്മാക്കളും ദരിദ്രരിൽ നിന്നും ദുഃഖിതരിൽ നിന്നും അശാന്തിയിൽ നിന്നും സദാ ശാന്തവും, സുഖ സ്വരൂപരും സമ്പന്നരുമാകണം എന്ന ശ്രേഷ്ഠ കാമനയുണ്ടായിരിക്കണം- എങ്കിൽ പറയാം മാസ്റ്റർ ദാതാവ്.

## സ്ലോഗൻ- മനസ്സാ-വാചാ-കർമ്മണാ സേവനം ചെയ്യുന്നവർ തന്നെയാണ് നിരന്തര സേവാധാരി, അവരുടെ ഓരോ ശ്വാസത്തിലും സേവനം അടങ്ങിയിട്ടുണ്ട്.

**സൂചന-** ഇന്ന് മാസത്തിന്റെ മൂന്നാമത്തെ ഞായറാഴ്ച്ച അന്താരാഷ്ട്ര യോഗാ ദിനമാണ്, ബാബയുടെ സർവ്വ കുട്ടികളും സന്ധ്യക്ക് 6.30 മുതൽ 7.30 വരെ വിശേഷിച്ചും തന്റെ ആകാരി സ്വരൂപത്തിൽ സ്ഥിതി ചെയ്ത്, ബാപ്ദാദായോടൊപ്പം ഉയർന്ന പ്രകാശത്തിന്റെ പർവ്വതത്തിൽ നിന്ന് മുഴുവൻ വിശ്വത്തിനും പവിത്രതയുടെ കിരണങ്ങൾ നല്കി പ്രകൃതി സഹിതം സർവ്വാത്മാക്കളെയും സതോപ്രധാനമാക്കുന്നതിനുള്ള സേവനം ചെയ്യണം.